LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുണ്ട്;

(ബി) ഇതിൽ ആവശ്യത്തിന് ഡോക്ടർമാരില്ലാത്ത എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുണ്ട്;

(സി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) സംസ്ഥാനത്ത് 944 പ്രാഥമികാരോഗ്യകേന്ദ്രങ്ങളും 105 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

(ബി) 235 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ സ്ഥിരമായ ഡോക്ടർമാരുടെ കുറവുണ്ട്.

(സി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.യുടെ ലിസ്റ്റ് നിലവിലില്ലാതിരിക്കുകയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഡോക്ടർമാരെ ലഭ്യമല്ലാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ, കരാർ വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നതോടെ ജില്ലാതല ആശുപത്രികൾവരെയുള്ള സ്ഥാപനങ്ങളുടെ ഭരണച്ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു കൊടുത്തിട്ടുണ്ട്. സർക്കാർ പൊതുവായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയുന്നവയാണ്. ബ്ലോക്ക് തലത്തിലുള്ള പി.എച്ച്.സി.കളെ ഘട്ടംഘട്ടമായി സി.എച്ച്.സി.കളായി ഉയർത്തി വരുന്നുണ്ട്. ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചുവരുന്നുണ്ട്. പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സാധനസാമഗ്രികൾ വാങ്ങുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. പി.എച്ച്.സി.കൾക്ക് വാഹനങ്ങളും ആംബുലൻസും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഫസ്റ്റ് റഫറൽ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. അത്യാവശ്യ അടിസ്ഥാന സേവനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യങ്ങളും, ചെറിയ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേക്ക് ആവശ്യമായ തസ്തികകൾ ധനലഭ്യതയ്ക്കനുസരിച്ച് സൃഷ്ടിച്ചുവരുന്നു.

ഉൾനാടൻ ജലപാതയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

21 (*171)ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. പി. രാഘവൻ :

ശ്രീ. പിടി. കുഞ്ഞുമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഉൾനാടൻ ജലപാതയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു പുരോഗതി കൈവരിക്കാനായി എന്നു വെളിപ്പെടുത്തുമോ;

(സി) ഉൾനാടൻ ജലപാതയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിലയിരുത്താൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കിലോമീറ്റർ ദൈർഘ്യം വരുന്ന ഉൾനാടൻ ജലപാതയുടെ പുനരുദ്ധാരണമാണ് പൂർത്തീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ജലപാതയുടെ വികസനത്തിനും പുനരുദ്ധാരണത്തിനും ഏതൊക്കെ ഏജൻസികളാണ് സാമ്പത്തിക സഹായം നൽകി വരുന്നത്; ഇതു സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ജി) പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തിന്റെ ഏതൊക്കെ മേഖലകളിലെ വികസനമാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) കോവളം മുതൽ കൊല്ലം വരെയുള്ള ജലപാത എന്ന് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ;

(ഐ) ഉൾനാടൻ ജലപാതയുടെ പുനരുദ്ധാരണം വിലയിരുത്താൻ ഒരു സംസ്ഥാനതലസമിതിയെ നിയോഗിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) വിവിധ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച പുരോഗതി അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്.†

(സി) ഉൾനാടൻ ജലപാതയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിലാണ് നടത്തിവരുന്നത്. ഇതിനായി കൊല്ലവും കണ്ണൂരും ആസ്ഥാനമാക്കി രണ്ട് ഇൻലാൻഡ് നാവിഗേഷൻ ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ഇപ്പോൾ നടന്നുവരുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ മുഖ്യമന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗങ്ങൾ വിളിച്ചു കൂട്ടി വിലയിരുത്താറുണ്ട്.

(ഡി) ഉൾനാടൻ ജലപാതകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്.

1. സുൽത്താൻ കനാലിന്റെ നാലു കി.മീറ്റർ ദൂരം ഡ്രഡ്ജിംഗ് ജോലികൾ.

2. കൊല്ലം കനാലിന്റെ 1210 മീറ്റർ നീളത്തിൽ ചെയിൻ ലിംഗ് ഫെൻസിംഗ്.

3. കനാലുകളുടെ കുറുകെ നടപ്പാലം -4 എണ്ണം.

4. ബോട്ടു ജെട്ടികളുടെ നിർമ്മാണം - 114 എണ്ണം

5. കനാലുകളുടെ ആഴം കൂട്ടൽ - 850 മീറ്റർ

---

† അനുബന്ധം II (1)

LIBRARY ARCHIVES Kerala Legislative Assembly

6. സുൽത്താൻ കനാലിന്റെ ഇരുകരകളും കോൺക്രീറ്റ് സ്ലാബു കൊണ്ട് ബലപ്പെടുത്തൽ - 1.7. കിലോമീറ്റർ

7. കനാലിന്റെ ഇരുകരകളും കരിങ്കൽ ഭിത്തി നിർമ്മിച്ച് ബലപ്പെടുത്തൽ -. 13926 മീറ്റർ.

കൂടാതെ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യാ വഴിയായി നടപ്പിലാക്കിവരുന്ന ദേശീയ ജലപാത 3-ലെ വികസന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്.

ദേശീയ ജലപാതയിൽ 11 ടെർമിനലുകൾ സ്ഥാപിക്കുന്നതിനും ഉടുങ്ങിയ ഭാഗങ്ങൾ വീതി കൂട്ടുന്നതിനും ആവശ്യമായ ഭൂമി ഏറ്റെടുക്കാൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ ഈ ജലപാതയുടെ നാലു ഭാഗങ്ങളിലായി നടന്നുവരുന്ന ഡ്രഡ്ജിംഗ് ജോലികളും പൂർത്തിയാക്കിവരികയാണ്. ദേശീയപാതയിൽ കൂടി ജലവാഹനങ്ങൾ സുഗമമായി കടന്നുപോകുന്നതിന് തൃക്കുന്നപ്പുഴ, തണ്ണീർമുക്കം എന്നിവിടങ്ങളിലെ ലോക്കുകളുടെ റിപ്പയർ/മാറ്റിവയ്ക്കൽ പണികൾ പൂർത്തിയായി. ഇവിടെ 'Channel marking' ഉം പൂർണ്ണമായി നടത്തിക്കഴിഞ്ഞു.

(ഇ) ഉൾനാടൻ ജലപാതകളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി കേന്ദ്രസർക്കാർ 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കടമായും കൂടാതെ നബാർഡിന്റെ വായ്പാ സഹായവുമാണ് ഉപയോഗപ്പെടുത്തി വരുന്നത്. 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്രസഹായം അനുവദിക്കുമ്പോൾ എസ്റ്റിമേറ്റ് തുകയുടെ 50% കേന്ദ്ര സർക്കാർ ലോൺ ആയി നൽകുന്നതും ബാക്കി തുക "Matching Provision" ആയി സംസ്ഥാനത്തിന്റെ പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്. RIDFV-ൽ ഉൾപ്പെടുത്തിയാണ് കൊറ്റി-കോട്ടപ്പുറം-വളപ്പട്ടണം-പറശ്ശിനിക്കടവ് കനാലിന്റെ നവീകരണപദ്ധതികൾക്ക് നബാർഡ് വായ്പ അനുവദിച്ചിരിക്കുന്നത്. ഇതിന്റെ വ്യവസ്ഥകൾ അനുബന്ധം രണ്ടായി †ചേർത്തിരിക്കുന്നു.

കൂടാതെ ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഭാഗത്തിന്റെയും 23 കി.മീ. ദൂരം വരുന്ന ഉദ്യോഗമണ്ഡൽ കനാലിന്റെയും 14 കി.മീറ്റർ ദൂരം വരുന്ന ചമ്പക്കര കനാലിന്റെയും വികസനപ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിന്റെ ഫണ്ടുപയോഗിച്ച് ഉപരിതല ഗതാഗതവകുപ്പിന്റെ കീഴിലുള്ള ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായ ഇൻലാൻഡ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യാ വഴിയാണ് നടത്തിവരുന്നത്.

(എഫ്) കേന്ദ്ര സർക്കാരിന്റെ 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുള്ള കൊറ്റി-കോട്ടപ്പുറം കനാലിലെ നിർമ്മാണ പ്രവർത്തനങ്ങൾ 31.3.2001 ലും നബാർഡിന്റെ സഹായത്തോടെ ഏറ്റെടുത്ത് നടത്തി വരുന്ന സുൽത്താൻ കനാലിലെ പ്രവർത്തികൾ 2000-മാണ്ട് ആഗസ്റ്റ് മാസത്തോടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ ടി.എസ്.കനാലിന്റെ ഭാഗമായ കൊല്ലം മുതൽ കോവളം വരെയുള്ള ജലപാതയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി ആരംഭിക്കുന്നതിനും നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കു

---

†അനുബന്ധം II (2)
1180/2010.

LIBRARY ARCHIVES Kerala Legislative Assembly

വാനും ഉദ്ദേശിച്ചു കൊണ്ട് 36 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിന്റെ സഹായത്തിനായി നൽകിയിട്ടുണ്ട്.

ദേശീയജലപാതയുടെ വികസന പ്രവർത്തനങ്ങൾ ixth പ്ലാൻ അവസാനിക്കുന്നതിനു മുമ്പ് തന്നെ തീർക്കാനാണ് ഐ.ഡബ്ല്യു.ഐ. ലക്ഷ്യമിട്ടിരിക്കുന്നത്.

(ജി) ഈ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടെ, കൊല്ലം, ആലപ്പുഴ, കോട്ടയം എറണാകുളം ജില്ലകളിലെയും, വടക്കൻ ജില്ലകളായ കണ്ണൂരിലേയും കാസർഗോട്ടിലേയും യാത്രാക്ലേശത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും. കൂടാതെ, ചരക്കു നീക്കത്തിനും, ടൂറിസം വികസനത്തിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും ഈ പദ്ധതികൾ വഴി സാധിക്കുന്നതാണ്.

(എച്ച്) കോവളം മുതൽ കൊല്ലം വരെയുള്ള കനാലിന്റെ അഭിവൃദ്ധിപ്പെടുത്തലിനായി 36 കോടി രൂപ മതിപ്പു ചെലവു വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ RIDF VI ൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഉപരിതലഗതാഗതമന്ത്രാലയത്തിന്റെ സാമ്പത്തിക സഹായം നേടിയെടുക്കാനായും പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. ഈ പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ വിനോദസഞ്ചാരവകുപ്പിന്റെ സഹകരണത്തോടുകൂടി 181.50 ലക്ഷം രൂപ മതിപ്പു ചെലവിൽ പൂന്തുറ മുതൽ ആക്കുളം വരെയുള്ള കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ ഉടൻതന്നെ നടപ്പിലാക്കാൻ ശ്രമിച്ചുവരികയാണ്. ഈ കനാലിന്റെ മൊത്തമായുള്ള പുനരുദ്ധാരണം കേന്ദ്രസഹായമോ മറ്റു സാമ്പത്തിക സ്ഥാപനങ്ങളുടെ സഹായമോ ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കാൻ സാധിക്കും.

(ഐ) ഉൾനാടൻ ജലഗതാഗതമേഖലയുമായും തീരദേശ കപ്പലുൽഗതാഗത മേഖലയുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും വിലയിരുത്തുന്നതിനുമായി മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഒരു ഹൈ ലെവൽ കമ്മിറ്റിയും ജലഗതാഗത മേഖലയുമായി ബന്ധപ്പെട്ട നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും ക്രോഡീകരിക്കുന്നതിനും ലളിതമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പു സെക്രട്ടറി ചെയർമാനായുള്ള ഒരു ഉന്നതാധികാര കമ്മിറ്റിയും (Empowered committee of Experts) സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്.

ജയിലുകളിലെ തടവുകാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ

22 (*172) ശ്രീ. എം. ദാസൻ:

ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

	8.	Construction of Yatri Niwas at Mannarkkad	7500000.00	2250000.00	Under Execution
	9.	Integrated development of Napier Museum	3400000.00		Under Execution
	10.	Integrated development of Hill Palace	7000000.00		Funds being transferred to Director, Archaeology
	11.	Integrated development of Fort Kochi, Mattancherry and Jew Town	7500000.00	2250000.00	Under Execution
	12.	Yatri Niwas Munnar	7500000.00		Land being transferred
	13.	Tourist Ayurvedic Centre at Kumarakom	750000.00		Under execution by KTDC
	14.	Tourist Ayurvedic Centre at Bolghatty Palace	2500000.00		Under execution by KTDC
	15.	Introduction of Eco-friendly silent generator at Thekkady	3809000.00		Under execution by KTDC
	16.	Integrated development of an eco-friendly floating resort at Pathiramanal	100,00,000.00		Modalities being finalised
	17.	Indira Gandhi Boat Race	100000.00		Executed
	18.	Nehru Trophy Boat race Alappuzha	100000.00		Executed
	19.	Ashtamudi Art and Craft, Kollam	1000,00.00		Executed
	20.	Aranmula Boat Race	500,000.00		Executed
	21.	Malabr Mahotsav	100000.00		Executed
	22.	Integrated development of Thekkady-Munnar road	50,00,000.00		Funds being transferred to PWD
	23.	Gulf and Singapore Marketing Compaign	150,00,000.00		Under implementation by govt of India. Tourist Offices

അനുബന്ധം II (1)

(26.6.2000- ത്തിലെ ചോദ്യം 21 (*171) കാണുക.)

പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പുരോഗതി

വെസ്റ്റ് കോസ്റ്റ് കനാലിൽ, ദേശീയ ജലപാതയായി അംഗീകരിക്കപ്പെട്ടിട്ടുള്ള 168 കി.മീ. ഭാഗം കഴിച്ചുള്ള ഏകദേശം 420 കി.മീ. ദൂരം വരുന്ന ഭാഗവും ഏകദേശം 1000 കി.മീ. ദൂരം വരുന്ന ഉപകനാലുകളും നദികളിലെ സഞ്ചാരയോഗ്യവും സഞ്ചാരയോഗ്യമാക്കാവുന്ന ഭാഗങ്ങളും സംസ്ഥാന സർക്കാരിന്റെ അധീനതയിലാണ്. ഈ കനാലുകൾ മൊത്തമായി നവീകരിക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെയും മറ്റ് ഏജൻസികളുടെയും അംഗീകാരവും സഹായവും ലഭ്യമാക്കി വികസന പ്രവർത്തനങ്ങൾ/ഘട്ടംഘട്ടമായി നടത്താൻ ലക്ഷ്യമിട്ടിരിക്കുകയാണ്. ഇതിനായി താഴെപ്പറയുന്ന സ്കീമുകൾക്ക് കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

1. ടി.എസ്. കനാലിന്റെ ഭാഗമായ കൊല്ലം മുതൽ കോവളം വരെയുള്ള കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ - 36 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

2. ബേയ്പൂർ കല്ലായി കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ - 1080 ലക്ഷം രൂപ.

3. വടകര-മാഹി കനാലിന്റെ പുനരുദ്ധാരണം - 1692 ലക്ഷം രൂപ

4. മാഹി-വളപട്ടണം കനാൽ നിർമ്മാണം - 150 കോടി രൂപ

5. കൊറ്റി-കോട്ടപ്പുറം-വളപട്ടണം-പറശ്ശിനിക്കടവ് ജലപാതയുടെ പുനരുദ്ധാരണത്തിനായി 1000 ലക്ഷം രൂപയുടെ ധനസഹായം നബാർഡിൽ നിന്നും ലഭ്യമായിട്ടുണ്ട്.

6. കൊറ്റി-കോട്ടപ്പുറം കനാലിന്റെ നവീകരണത്തിനായി 321.21 ലക്ഷം രൂപയുടെ പദ്ധതിക്ക് 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട്.

7. കേരളത്തിലെ 379 ബോട്ടുജെട്ടികളുടെ നവീകരണത്തിനായി 614.57 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്.

8. ആലപ്പുഴ കനാലിന്റെ ശുദ്ധീകരണത്തിനും നവീകരണത്തിനുമായി 36.2 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു പദ്ധതിക്ക് രൂപം നൽകി കഴിഞ്ഞിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏജൻസികളെയും സംയോജിപ്പിച്ചുകൊണ്ട് പുറത്തു നിന്നുള്ള ഏജൻസികളിൽനിന്നും ധനസഹായം ലഭ്യമാക്കിക്കൊണ്ടും ഈ പദ്ധതി നടപ്പു സാമ്പത്തികവർഷത്തിൽ തന്നെ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

9. ആലപ്പുഴ-കോട്ടയം, കോട്ടയം-വൈക്കം, ആലപ്പുഴ-ചങ്ങനാശ്ശേരി എന്നീ ജലപാതകൾ വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ പ്രോജക്ടിൽ ഉൾപ്പെടുത്തി ലോകബാങ്കിന്റെ സഹായം തേടുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

10. കണ്ണൂർ ജില്ലയിലെ സുൽത്താൻ കനാലിലൂടെ, ജലഗതാഗതം പുനരാരംഭിക്കുന്നതിനാവശ്യമായ ജോലികൾ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. ഈ കനാൽ പൂർണ്ണമായും നവീകരിക്കുന്നതിന് 13 കോടി രൂപയുടെ എസ്റ്റിമേറ്റിൽ കൂടുതൽ പണികൾ ദ്രുതഗതിയിൽ നടത്തിവരികയാണ്. ഈ പണികൾ 2000-ആഗസ്റ്റിന് മുമ്പ് പൂർത്തിയാക്കും.

11. കൂടാതെ ദേശീയജലപാതയിൽ ഐ.ഡബ്ല്യൂ.എ.ഐ.യുടെ മേൽനോട്ടത്തിൽ താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

(1) കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ 11 ഉൾനാടൻ ജലഗതാഗത ടെർമിനലുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ടെർമിനലുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

(2) ദേശീയ ജലപാതയുടെ കൊല്ലം, ആലപ്പുഴ ജില്ലകളിലെ ഇടുങ്ങിയ ഭാഗങ്ങൾ വീതി കൂട്ടുന്നതിന് ഏകദേശം 33

LIBRARY ARCHIVES Kerala Legislative Assembly

ഹെക്ടർ ഭൂമി അകയർ ചെയ്യുന്നതിനുള്ള നടപടികളും പൂർത്തിയായിവരുന്നുണ്ട്.

(3) കൊച്ചി, കൊല്ലം ഭാഗങ്ങളിൽ ആഴം കൂട്ടുന്നതിനായി ഡ്രഡ്ജിംഗ് ജോലികളും ഐ.ഡബ്ല്യു.എ.ഐ.ഏറ്റെടുത്ത് നടത്തിവരുന്നു.

(4) ഇവ കൂടാതെ തോട്ടപ്പള്ളി, തണ്ണീർമുക്കം, തൃക്കുന്നപ്പുഴ എന്നീ ' ' ലേക്കുകളുടെ റിപ്പയറിംഗ്/മാറ്റിവയ്ക്കൽ സംബന്ധിച്ച പണികളും പൂർത്തിയായിവരുന്നുണ്ട്.

അനുബന്ധം II (2)

(ചോദ്യം 21 (*171) കാണുക.)

നബാർഡിന്റെ വ്യവസ്ഥകൾ

1. ഏതു പദ്ധതിക്കുവേണ്ടിയാണോ വായ്പ അനുവദിക്കുന്നത് അതിനുവേണ്ടി തന്നെ ഫണ്ട് വിനിയോഗിച്ചിരിക്കണം.
2. വായ്പയ്ക്ക് 12% പലിശ ഈടാക്കുന്നതാണ്.
3. നബാർഡിന്റെ റിപേയ്മെന്റ് ഷെഡ്യൂൾ അനുസരിച്ച് വായ്പ തിരിച്ചടച്ചിരിക്കണം. വായ്പ ലഭ്യമായ ദിവസം മുതൽ ഏഴു വർഷത്തിനകം തിരിച്ചടച്ചിരിക്കണം. ഇക്കാര്യത്തിൽ രണ്ടു വർഷത്തെ 'ഗ്രേസ് പിരിയഡ്' അനുവദിക്കുന്നതാണ്.
4. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായും, പലിശയും മുതലും യഥാസമയം തിരിച്ചടയ്ക്കുന്നതിനായും ആവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ മാറ്റിവയ്ക്കേണ്ടതാണ്.
5. പദ്ധതിയുടെ നടത്തിപ്പ് ചീഫ് സെക്രട്ടറി തലത്തിൽ അവലോകനം ചെയ്യേണ്ടതാണ്.
6. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

അനുബന്ധം III

(26.6.2000 ലെ~ ചോദ്യം 22 (*172) കാണുക.)

The following recommendations are implemented (72 Nos).

1. The teaching facility of the SICA should be well qualified and motivated and they may be given some extra allowances as an incentive to be there.
2. Adequate number of toirlets should be constructed outside the cells for the use by the inmates during day time.
3. The drams, gutters and screws should be properly covered and arrangements made for easy drainage and for periodical cleaning of the septic tanks.
4. Provision should be made for drinking water in each cell or block. Adequate water should be made available outside the blocks to enable the prisoners to baths and wash their clothes.
5. The intimates shall be provided with dresses stitched to suit their physical measurements.

LIBRARY ARCHIVES Kerala Legislative Assembly